**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3845** **03-03-2023-ൽ മറുപടിയ്ക്ക്**

**സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. റോജി എം. ജോൺ
ശ്രീ. റോജി എം. ജോൺ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മുഖ്യമന്ത്രിയുടെ ഓഫീസിന്റെയോ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെയോ അനുമതിയോടെയാണോ സി-ഡിറ്റ്, സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ;

**മറുപടി:** സി.എം.ഒ. പോർട്ടലിന് വേണ്ടി സി-ഡിറ്റ് ആദ്യം നിർമ്മിച്ച സോഫ്റ്റ് വെയർ പി. എച്ച്. പി. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതായിരുന്നു. ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച വന്ന സമയത്ത് ഉപയോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സാങ്കേതിക വിദ്യ പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പിഎച്ച്പിക്ക് പകരം ജാവാ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജെന്റ് സിസ്റ്റം സി.എം.ഒ. പോർട്ടലിന് വേണ്ടി ഉപയോഗിക്കാൻ സി-ഡിറ്റ് തീരുമാനിക്കുകയുമാണ് ഉണ്ടായത്. സി.എം.ഒ. പോർട്ടലിന്റെ രൂപകല്പനയും നിർമ്മാണവും സാങ്കേതിക വിന്യാസവും നടത്തിയതിന്റെ ഭാഗമായി സി-ഡിറ്റിന്റെ സാങ്കേതിക വിഭാഗമാണ് ഈ മാറ്റം വരുത്തിയത്.

**(ബി)** സി.എം.ഒ പോർട്ടലിൽ സി-ഡിറ്റ് സ്വന്തമായി നിർമ്മിച്ച സോഫ്റ്റ്‌വെയർ മാറ്റി ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ സ്വീകരിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; സോഫ്റ്റ്‌വെയർ മാറ്റുന്നതിന് തീരുമാനിച്ച മിനിട്സിന്റെ/ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**മറുപടി:** സി.എം.ഒ. പോർട്ടലിന് വേണ്ടി സി-ഡിറ്റ് ആദ്യം നിർമ്മിച്ച സോഫ്റ്റ് വെയർ പി. എച്ച്. പി. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതായിരുന്നു. ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച വന്ന സമയത്ത് ഉപയോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സാങ്കേതിക വിദ്യ പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പിഎച്ച്പിക്ക് പകരം ജാവാ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജെന്റ് സിസ്റ്റം സി.എം.ഒ. പോർട്ടലിന് വേണ്ടി ഉപയോഗിക്കാൻ സി-ഡിറ്റ് തീരുമാനിക്കുകയുമാണ് ഉണ്ടായത്. സി.എം.ഒ. പോർട്ടലിന്റെ രൂപകല്പനയും നിർമ്മാണവും സാങ്കേതിക വിന്യാസവും നടത്തിയതിന്റെ ഭാഗമായി സി-ഡിറ്റിന്റെ സാങ്കേതിക വിഭാഗമാണ് ഈ മാറ്റം വരുത്തിയത്.

**(സി)** മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടലുമായി ബന്ധപ്പെട്ട് നാളിതുവരെ ഓസ്പിൻ കമ്പനി എത്ര തുകയുടെ ഇൻവോയിസ് നൽകിയിട്ടുണ്ടെന്നും എത്ര തുക സി-ഡിറ്റ് നൽകിയിട്ടുണ്ടെന്നും

വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ഡി)** ഓസ്പിൻ എന്ന കമ്പനിയുടെ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലേക്ക് സി.എം.ഒ. ആപ്ലിക്കേഷൻ ബന്ധിപ്പിച്ചതിന്റെ സാമ്പത്തിക ബാധ്യത, ഡാറ്റാ ചോർച്ച, സ്വകാര്യ സോഫ്റ്റ്‌വെയർ കമ്പനി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ ദൂരവ്യാപക പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കാൻ നിർദേശം നൽകുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്; സി-ഡിറ്റാണ് ഈ പ്രവർത്തിയുടെ സാമ്പത്തിക ബാധ്യത വഹിക്കുന്നത്. സി-ഡിറ്റിന് സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് വേണ്ടി ചെലവഴിക്കേണ്ടിവന്ന തുക കണക്കാക്കി സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സി.എം.ഒ. പോർട്ടലിനു വേണ്ടി ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ പൂർണ്ണമായും സി-ഡിറ്റിന്റെ നിയന്ത്രണത്തിൽ സർക്കാരിന്റെ ഡേറ്റാ സെന്ററിൽ ആണ് വിന്യസിച്ചിട്ടുള്ളത് ഡേറ്റാ ചോർച്ചയോ മറ്റു പ്രശ്നങ്ങളോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**